**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1013** **30.01.2019-ൽ മറുപടിക്ക്**

**കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ ആക്റ്റിലെ ഭേദഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി.കെ. മുരളി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ ആക്റ്റിൽ വരുത്തിയിട്ടുള്ള പുതിയ ഭേദഗതി എന്താണ്; വിശദമാക്കാമോ; | (എ) (i) 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്റ്റിലെ വകുപ്പ് 2(6): ഏത് വിഭാഗം തൊഴിലാളികളെയും ഒരു ഗസറ്റ് വിജ്ഞാപനം വഴി 'തൊഴിലാളി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തുവാൻ സർക്കാരിന് അധികാരം നൽകുന്നു.<br>(ii) വകുപ്പ് 11(1): ഈ വകുപ്പ് പ്രകാരം കടകൾ അടച്ചിടാതെ തന്നെ ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം അവധി ലഭ്യമാക്കേണ്ടതാണ്.<br>വകുപ്പ് 11(2): ഇത് പ്രകാരം ഒഴിവ് ദിവസം അനുവദിക്കപ്പെട്ട ഏതെങ്കിലും ദിവസത്തേയ്ക്ക് ഒരു സ്ഥാപനത്തിലെ ഏതെങ്കിലും തൊഴിലാളിയുടെ വേതനത്തിൽ നിന്നും യാതൊരു കിഴിവും ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ദിവസത്തേയ്ക്ക് അയാൾക്ക് സാധാരണയായി വേതനം കിട്ടുന്നതല്ലെന്ന അടിസ്ഥാനത്തിലാണ് അയാളെ ജോലിക്കായി നിയോഗിച്ചിട്ടുള്ളത് എങ്കിൽ കൂടി, പ്രസ്തുത ദിവസം ഒഴിവ് ദിവസമായി അനുവദിച്ചിരുന്നില്ലെങ്കിൽ അയാൾ വാങ്ങുമായിരുന്ന വേതനം പ്രസ്തുത ദിവസത്തേയ്ക്ക് അയാൾക്ക് നൽകേണ്ടതുമാണ്.<br>(iii) വകുപ്പ് 20 (i): ഈ വകുപ്പ് പ്രകാരം രാവിലെ ആറു മണിക്ക് മുമ്പോ വൈകുന്നേരം ഒൻപത് മണിയ്ക്ക് ശേഷമോ |

യാതൊരു സ്ഥാപനത്തിലും യാതൊരു സ്ത്രീയോടൊ പതിനേഴ് വയസ്സ് തികഞ്ഞിട്ടില്ലാത്ത ഏതെങ്കിലും ആളോടൊ തൊഴിലാളിയായോ മറ്റ് വിധത്തിലോ ജോലി ചെയ്യാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

വകുപ്പ് 20 (ii): ഈ വകുപ്പ് പ്രകാരം സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി 2 സ്ത്രീ തൊഴിലാളികൾ ഉൾപ്പടെ 5 തൊഴിലാളികൾ അടങ്ങുന്ന ഒരു ഗ്രൂപ്പായി ജോലിക്ക് നിയോഗിക്കാവുന്നതാണ്. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ഈ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു.

(iv)വകുപ്പ് 21 B: ഈ വകുപ്പ് പ്രകാരം സ്ത്രീ തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(v)വകുപ്പ് 29: ഈ വകുപ്പ് പ്രകാരം കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ പ്രകാരമുള്ള ലംഘനങ്ങളുടെ പിഴ ശിക്ഷ പരമാവധി ഒരു ലക്ഷം രൂപയായും ആവർത്തിച്ചുള്ള നിയമലംഘനങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

വകുപ്പ് 29 (4)(5): ഈ വകുപ്പ് പ്രകാരം 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പ്(2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപാ വരെയാകുന്ന പിഴ ചുമത്താൻ ജുഡിഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(vi)വകുപ്പ് 30: ഈ വകുപ്പ് പ്രകാരം, സൂക്ഷിക്കേണ്ട രജിസ്റ്ററുകളും റിക്കാർഡുകളും ഇലക്ട്രോണിക് ഫോർമാറ്റിൽ സൂക്ഷിക്കുവാൻ സ്ഥാപന ഉടമയെ അനുവദിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭേദഗതി പ്രകാരം ജീവനക്കാർക്ക് ലഭിച്ച ഇരിക്കാനുള്ള സൗകര്യവും അവകാശവും ഷോപ്പുകളിൽ അവർക്കു നൽകിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. 20.12.2018 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡു പരിശോധനകളിലുമായി 20 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാ വേളയിലും പ്രസ്തുത നിയമ ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.